A

304

# സമഗ്ര ശിക്ഷാ കേരളം

## വാർഷിക മൂല്യനിർണ്ണയം 2024-2025

ക്ലാസ് - 3 | പരിസരപഠനം | സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര് ..............................

വിദ്യാലയത്തിന്റെ പേര് ..............................

ഡിവിഷൻ ..............................

രക്ഷിതാവിന്റെ ഒപ്പ് ..............................

അധ്യാപകന്റെ ഒപ്പ് ..............................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | സസ്യങ്ങൾ പലവിധം | |
| 2 | അറിഞ്ഞു കഴിക്കാം | |
| 3 | വസ്ത്രവൈവിധ്യം | |
| 4 | തൊഴിലുകൾ പലവിധം | |
| 5 | എന്റെ നാട് കേരളം | |
| 6 | മണ്ണും ജലവും | |
| | ഓവറോൾ ഗ്രേഡ് | |

### *നിർദേശങ്ങൾ*

1. ആദ്യത്തെ 15 മിനിട്ട് ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം.
2. ഒന്നു മുതൽ ആറു വരെയുള്ള പ്രവർത്തനങ്ങളിൽ 5 പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
3. തിരഞ്ഞെടുത്ത ചോദ്യത്തിന്റെ എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**പ്രവർത്തനം 1 - സസ്യങ്ങൾ പലവിധം**

എ) നമുക്കു ചുറ്റുമുള്ള സസ്യങ്ങളെ ഓഷധികൾ, കുറ്റിച്ചെടികൾ, മരങ്ങൾ എന്നിങ്ങനെ തരംതിരിക്കാമെന്ന് അറിയാമല്ലോ. ഓരോ ഇനത്തിലുംപെട്ട സസ്യങ്ങളുടെ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ പട്ടിക പൂർത്തിയാക്കുക.

| ഓഷധികൾ | കുറ്റിച്ചെടികൾ | മരങ്ങൾ |
|---|---|---|
| .............................. | കട്ടിയുള്ള തണ്ട് | .............................. |
| അധികം ഉയരമില്ല | .............................. | .............................. |

ബി) ജലത്തിൽ വളരുന്ന സസ്യങ്ങളുടെ ഇല തണ്ട് എന്നിവയുടെ പ്രത്യേകതകൾ എഴുതുക.

സി) ചുവടെ ചേർത്തിരിക്കുന്നതിൽ ശരിയായ പ്രസ്താവനയ്ക്കു നേരെ ✓ ചെയ്യുക

a) വേര് സസ്യത്തെ മണ്ണിൽ ഉറപ്പിച്ച് നിർത്തുന്നു. ☐

b) എല്ലാ ചെടികളും പൂക്കുന്നു. ☐

c) സസ്യത്തിനാവശ്യമായ ആഹാരം തണ്ടിലാണ് നിർമ്മിക്കുന്നത്. ☐

d) ചെടികളിലെ എല്ലാ പൂക്കളും കായയായി മാറുന്നില്ല. ☐

**പ്രവർത്തനം 2 അറിഞ്ഞു കഴിക്കാം**

വിവിധതരം ഭക്ഷ്യവസ്തുക്കളെ അവയുടെ സവിശേഷതകൾക്കനുസരിച്ച് വർഗീകരിക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായി അമ്മു തയ്യാറാക്കിയ പട്ടികയാണ് ചുവടെ ചേർത്തിരിക്കുന്നത്.

| പഴങ്ങൾ | പച്ചക്കറികൾ | ധാന്യങ്ങൾ |
|---|---|---|
| മുന്തിരി | ചോളം | ആപ്പിൾ |
| അരി | ഓറഞ്ച് | വഴുതന |
| വെണ്ടക്ക | വെള്ളരി | ഗോതമ്പ് |

എ) പട്ടിക ശരിയായി ക്രമീകരിക്കുന്നതിന് അമ്മുവിനെ സഹായിക്കുക.

ബി) വിവിധതരം ഭക്ഷ്യവസ്തുക്കൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തണം എന്നു പറയുന്നതെന്തുകൊണ്ട് ?

പ്രവർത്തനം 3 വസ്ത്രവൈവിധ്യം

എ) തനുവും അച്ഛനും കൂടി തുണിത്തരങ്ങൾ വാങ്ങാൻ കടയിലെത്തി. വേനൽക്കാലമാണ് വരാൻ പോകുന്നത്. ഏതു തരത്തിലുള്ള വസ്ത്രമാണ് വേനൽക്കാലത്ത് അനുയോജ്യമായത് ? എഴുതുക.

ബി) വേനൽക്കാലത്ത് ധരിക്കുന്ന വസ്ത്രങ്ങളുടെ എന്തെല്ലാം സവിശേഷതകൾ നിങ്ങൾക്കറിയാം? എഴുതുക.

സി) തണുപ്പിനെ അതിജീവിക്കുന്നതിന് ചെമ്മരിയാടിന്റെ രോമം ഉപയോഗിച്ച് നിർമ്മിക്കുന്ന വസ്ത്രം ഏത് ?

പ്രവർത്തനം 4 തൊഴിലുകൾ പലവിധം

എ) താഴെ തന്നിരിക്കുന്നവയിൽ വീടുനിർമ്മാണവുമായി ബന്ധമുള്ള ജോലികൾ എന്തെല്ലാം ?

- മരപ്പണി
- തയ്യൽ
- ഭിത്തി നിർമ്മാണം
- ടാപ്പിംഗ്
- തറകെട്ടൽ
- വിത്തു വിതയ്ക്കൽ
- തേപ്പ് പണി

ബി) സ്കൂൾ ഒരു പൊതു സ്ഥാപനമാണ്. എന്തെല്ലാം സേവനങ്ങളാണ് സ്കൂളിൽ നിന്നും ലഭിക്കുന്നത് ?

സി) പണമിടപാട് നടത്തുന്നതിന് നമ്മെ സഹായിക്കുന്ന പൊതുസ്ഥാപനം ✓ ചെയ്യുക.

- പോലീസ്സ്റ്റേഷൻ ☐
- ആശുപത്രി ☐
- വായനശാല ☐
- ബാങ്ക് ☐

പ്രവർത്തനം 5 എന്റെ നാട് കേരളം

എ) കേരളത്തിന്റെ ഭൂപടം നിരീക്ഷിച്ച് താഴെ പറയുന്ന ജില്ലകളുടെ പ്രത്യേകതകൾ രേഖപ്പെടുത്തി പട്ടിക പൂർത്തിയാക്കുക.




| ജില്ല | പ്രത്യേകതകൾ |
|---|---|
| കാസർകോഡ് | **കർണാടകയുമായി അതിർത്തി പങ്കിടുന്നു** |
| ഇടുക്കി | ................................................................................................ |
| പാലക്കാട് | ................................................................................................ |
| തിരുവനന്തപുരം | ................................................................................................ |

ബി) മറ്റു ജില്ലകളാൽ ചുറ്റപ്പെട്ടുകിടക്കുന്ന കേരളത്തിലെ ഏക ജില്ല ഏത് ?

| |
|---|
| |

സി) ഞാനാണ് കേരളത്തിലെ ഏറ്റവും ചെറിയ ജില്ല. ആരാണ് ഞാൻ ?

a) ആലപ്പുഴ b) വയനാട്

c) പത്തനംതിട്ട d) കൊല്ലം

**പ്രവർത്തനം 6 മണ്ണും ജലവും**

മണ്ണിന്റെ വിവിധ സവിശേഷതകളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

മണ്ണിനുള്ളിൽ വായുവുണ്ട്
മണ്ണിനുള്ളിൽ ജൈവാംശം ഉണ്ട്
മണ്ണിനുള്ളിൽ ജലാംശം ഉണ്ട്

എ) മണ്ണിൽ ജലാംശമുണ്ട് എന്നു തെളിയിക്കുന്ന പരീക്ഷണത്തിന്റെ കുറിപ്പ് തയ്യാറാക്കുക.

ലക്ഷ്യം :

സാമഗ്രികൾ : ഉദ്യാനത്തിലെ മണ്ണ്, സുതാര്യമായ പ്ലാസ്റ്റിക് കുപ്പി

പരീക്ഷണരീതി :

നിരീക്ഷണം :

നിഗമനം :

ബി), പഠനയാത്രയുടെ ഭാഗമായി അമ്മുവും കൂട്ടുകാരും, മണ്ണ് പരിശോധനാ കേന്ദ്രത്തിൽ എത്തിയപ്പോൾ അവിടത്തെ ബോർഡിൽ കണ്ട വാചകമാണ് താഴെ കൊടുത്തിരിക്കുന്നത്.

> മണ്ണ് മലിനമാകാതെയും ഫലപുഷ്ടി
> നഷ്ടപ്പെടാതെയും സംരക്ഷിച്ചാലേ
> നമുക്ക് നിലനിൽക്കാനാകൂ.....

മണ്ണു സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന ഒരു പോസ്റ്റർ തയ്യാറാക്കുക